# കേരള കാർഷിക സർവകലാശാല വാർത്തകൾ

## (ആഗസ്റ്റ് 21 - 27, 2025)

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി - 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2025 – 31** **Dt. 20.08.2025**

തുടർച്ചയായുള്ള മഴ മൂലം വിളകളിൽ കുമിൾ രോഗങ്ങൾ ഉ ാകാനുള്ള സാധ്യത കൂടുതലാണ്. ഇതിൽ ഫൈറ്റോഫ്തോറ കുമിളിന്റെ ആക്രമണം പ്രത്യേകം ശ്രദ്ധിക്കുക. ഗുരുതരമായി രോഗം ബാധിച്ച ചെടികൾ പിഴുതു മാറ്റി നശിപ്പിക്കുകയും മറ്റുള്ളവയിൽ രോഗം പടരുന്നത് തടയാനായി നീർവാഴ്ച്ചയും വായു സഞ്ചാരവും ഉറപ്പു വരുത്തുകയും ചെയ്യണം.

നെല്പാടങ്ങളിൽ ഓലചുരുട്ടിപ്പുഴുവിന്റേയും, ചാഴിയുടേയും മുഞ്ഞയുടേയും ഉപദ്രവം ക ു വരുന്നു. പ്രത്യേകിച്ച് തണൽ ഉള്ളിടത്ത് ഓലചുരുട്ടിയുടെ ആക്ര മണം കൂടുതലായിരിക്കും. മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ്കാർഡും, ത ുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് മതിയാകും. ഇതിന്റെ മുട്ട ക്കാർഡുകൾ സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന ബയോകൺട്രോൾ ലാബിലും വെള്ളാനിക്കരയിലെ ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ ലാബിലും ലഭ്യമാണ്. ഒരേക്കറിലേക്ക് ര ് കാർഡ് മതിയാകും. ഒരു കാർഡ് 10 കഷ്ണമാക്കിയതിനുശേഷം അഞ്ച് സെന്റ് സ്ഥലത്തിന് ഒരു കഷ്ണ മെന്ന കണക്കിന് നെല്ലോലകളിൽ ഉറപ്പിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. ബാക്റ്റീരിയമൂലമുള്ള ഇല കരിച്ചിലിനു ചാണക വെള്ളത്തിന്റെ തെളി 2% (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അതിന്റെ തെളിയിൽ 20 ഗ്രാം സ്യൂഡോമോണസ് ചേർത്ത് തളിച്ച് കൊടുക്കുക) .

തെങ്ങോലകൾക്ക് നല്ല പച്ചനിറം കിട്ടാനും എണ്ണയുടെ ഉല്പാദനം കൂടാനും തെങ്ങൊന്നിന് 500 ഗ്രാം വീതം മഗ്നീഷ്യം സൾഫേറ്റ് ചേർക്കുന്നത് നല്ലതാണ്. വെള്ള ക്കെട്ടുള്ള സ്ഥലങ്ങളിൽ ചാല് കീറി നീർവാർച്ച മെച്ചമാക്കണം. തറനിരപ്പിൽ നിന്ന് ചുരുങ്ങിയത് ഒരു മീറ്റർ താഴെയാകണം ജലനിരപ്പ്. ചെരിവുള്ള തോട്ടങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. മേൽമണ്ണ് നഷ്ടപ്പെടുമ്പോൾ മൂലകങ്ങളും ഫലപുഷ്ടിയുള്ള സൂക്ഷ്മജീവികളും നഷ്ടപ്പെട്ട് മണ്ണിന്റെ ഉല്പാദനക്ഷമത നശിക്കും. തെങ്ങിൻതോപ്പിലെ ഇടവിളകളെ സംരക്ഷിച്ച് അവയ്ക്കുള്ള വളങ്ങളും കൂടി ചേർക്കുകയാണെങ്കിൽ നാളികേര ഉല്പാദനം കൂടും. മഴക്കാലമായതിനാൽ, തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് ഒരു പായ്ക്കറ്റിൽ 5 ഗ്രാം വീതം മൂന്ന് എണ്ണം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും വയ്ക്കുക.

നേന്ത്രവാഴയുടെ വിളവെടുപ്പ് നടന്ന് കൊ ിരിക്കുന്ന തോട്ടങ്ങളിൽ, കുല വെട്ടിയെടുത്ത മാതൃവാഴകളിൽ നിന്ന് ആരോഗ്യമുള്ള സൂചിക്കന്നുകൾ ഇളക്കിയെടുത്ത് വൃത്തിയാക്കി സൂക്ഷിക്കണം. പഴയ വേരുകൾ നീക്കി ത ് അരയടി നീളത്തിൽ നിർത്തി മുറിച്ചശേഷം കന്ന് ചാണകവും ചാരവും വെള്ളത്തിൽ കലർത്തിയ മിശ്രിതത്തിൽ മുക്കിയെടുത്ത് തണലിൽ ഉണക്കി സൂക്ഷിക്കണം. പിന്നീട് ര ാഴ്ച്ചയോളം തണലുള്ള സ്ഥലത്ത് മഴ നനയാതെ സൂക്ഷിച്ച് വെച്ചതിന് ശേഷം നടാം. പി ിപ്പുഴുവിന്റെ പുഴുവുള്ള ത ുകൾ വെട്ടി കഷണങ്ങളാക്കി തെങ്ങോലയോ മറ്റോ കൂട്ടിയിട്ട് കത്തിച്ച് വ ിനേയും പുഴുക്കളേയും കൊല്ലണം.

നല്ല വളക്കൂറുള്ള മണ്ണിലും ധാരാളം ജൈവ വളം ചേർക്കുന്ന കുരുമുളകുകൊടിക്കും രാസവളം കുറച്ചു നൽകിയാൽ മതി. കൊടിയുടെ ചുറ്റും ര ടിവ്യാസത്തിൽ എടുത്ത തടത്തിൽ വളം വിതറി മുപ്പല്ലി കൊ ് കൊത്തിച്ചേർക്കാം. തടമെടുക്കുമ്പോൾ വേരുകൾക്ക് മുറിവേറ്റാൽ ദ്രുതവാട്ടത്തിനുള്ള സാദ്ധ്യത കൂടും. വളം ഒലിച്ച് നഷ്ടപ്പെടാതിരിക്കാനും, മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും, താപനില ക്രമീകരിക്കുന്നതിനും, കളനിയന്ത്രണത്തിനു പുതയിടീൽ സഹായിക്കും. മഴ ശമിക്കുന്നതോടെ *സ്യൂഡോമോണാസ് ഫ്ളൂറസൻസ്* 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയും ട്രൈക്കോഡെർമ്മ കൾച്ചർ ചുവട്ടിൽ ചേർക്കുകയും ചെയ്യുകയാണെങ്കിൽ ദ്രുതവാട്ടം /പൊള്ളുരോഗം എന്നിവ നിയന്ത്രിക്കാൻ സാധിക്കും.

## അറിയിപ്പ്

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 – 2370773
- കേരള കാർഷിക സർവകലാശാലയുടെ പബ്ളിക്കേഷനുകൾ ഇപ്പോൾ ഓൺലൈൻ പ്ലാറ്റ്ഫോമായ ആമസോൺ വഴിയും ലഭ്യമാണ്.
- കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 – 2370773, **8547070773**
- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ **30.08.2025** ന് പഴം പച്ചക്കറി സംസ്കരണം (ജാം,അച്ചാർ നിർമ്മാണം) എന്ന വിഷയത്തിൽ **ഏകദിന പ്രായോഗിക പരിശീലനം** സംഘടിപ്പിക്കുന്നു. വിശദമായ ക്ലാസ്സും പ്രാക്ടിക്കലും ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ( **10 മണി മുതൽ 4 മണി വരെ) 27.08.2025 ന്** മുമ്പായി ബന്ധപ്പെടുക.
- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ **27.08.2025** ന് **കന്നുകാലിഫാമുകളിലെ ജൈവമാലിന്യ സംസ്കരണം (കമ്പോസ്റ്റ്, ചാണകത്തിൽ നിന്നുമുള്ള വളങ്ങളുടെ നിർമ്മാണം)** എന്ന വിഷയത്തിൽ **ഏകദിന പ്രായോഗിക പരിശീലനം** സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ഓഫീസ് സമയങ്ങളിൽ ( **10മണി മുതൽ 4 വരെ) 25.08.2025 ന്** മുമ്പായി ബന്ധപ്പെടുക.

ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ - **0487 – 2370773, 8547070773**

ഒപ്പ്/-
പ്രൊഫസർ & ഹെഡ്